"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഒല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീമതി പ്രീത എം.പി യുടെ ഭർത്താവിന്റെ ചികിത്സ - തൃശ്ശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് ചികിത്സാ ചെലവ് അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.735/2026/LBR തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-

1) 5.02.2021 ലെ G.O(MS) No. 17/2021/Fin നമ്പർ ഉത്തരവ്
2) മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ 04.11.2025 ലെ G4-32/2025/726/ESI (CD)H, MGK നമ്പർ ഉത്തരവ്.
3) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 21.05.2026 ലെ എസ്1-272/2026/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഒല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീമതി പ്രീത എം.പി യുടെ (ഐ.പി നം. 5403889009) ഭർത്താവ് ഇ.എസ്.ഐ എംപാനൽഡ് ആശുപത്രിയായ തൃശ്ശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചികിത്സ തേടിയിരുന്നു. ടി വ്യക്തിക്ക് ക്യാഷ് ലെസായി നടത്തിയ ചികിത്സയ്ക്ക് ചെലവായ 5,97,467/- രൂപ അനുവദിക്കണമെന്ന് പ്രസ്തുത ആശുപത്രിയിലെ അധികൃതർ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ 4,75,219/- രൂപ അനുവദിക്കാവുന്നതാണെന്ന് മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ ക്ലെയിം പരിശോധിച്ചതിൽ 4,75,489 രൂപ അനുവദിക്കാവുന്നതാണെന്നു പരാമർശം (3) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിൽ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഒല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വേർഡ് പേഴ്സണായ ശ്രീമതി പ്രീത എം.പി യുടെ (ഐ.പി നം. 5403889009) ഭർത്താവിന്റെ

ക്യാഷ് ലെസ് ചികിത്സക്ക് **(LRTI Aspiration, Pneumonia, Respiratory failure)** ഇ.എസ്.ഐ എംപാനൽഡ് ആശുപത്രിയായ തൃശ്ശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ **28.06.2024** മുതൽ **01.08.2024** വരെ ചെലവായ തുകയിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന തുകയായ **4,75,489/-** രൂപ (നാല് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) **2210-01-102-96-03(NP)** എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത എംപാനൽഡ് ആശുപത്രിക്ക് അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം (ഒറിജിനൽ ബില്ലുകൾ സഹിതം)

സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, മുളങ്കുന്നത്തുകാവ്. (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).

ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ഒല്ലൂർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, അമല നഗർ, തൃശ്ശൂർ- **680 555.** (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Salini S
സെക്ഷൻ ഓഫീസർ
Date: 03-07-2026 16:53:55